(15) മങ്കട മണ്ഡലത്തിലെ കൊളമംഗലം - കരേക്കാട് -കാടാകുളങ്ങര റോഡിന്റെ ദുരവസ്ഥ

ശ്രീ. കെ.പി.എ. മജീദ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കൊളമംഗലം - കരേക്കാട് - കാടാകുളങ്ങര റോഡ് വളരെ ശോചനീയമായ സ്ഥിതിയിലാണ്. എല്ലായിടത്തും അങ്ങനെയാണെങ്കിലും അവിടുത്തെ ഗതാഗതം വളരെ ബുദ്ധിമുട്ടിലാണ്. റേഷൻ ഷോപ്പിലേക്ക് അരി കൊണ്ടുപോകാൻ തന്നെ പ്രയാസകരമായ ഒരു സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. ഈ സബ്മിഷൻ ഉന്നയിക്കുന്നതുകൊണ്ട് കാര്യമുണ്ട്. ഇന്നലെ എഞ്ചിനീയർ കുറച്ചുകല്ലും മറ്റു സാധനങ്ങളുമൊക്കെ അവിടെ എത്തിച്ചിട്ടുണ്ട്. അത് തൽക്കാലം കുഴിയടയ്ക്കാൻ വേണ്ടിയാണ്. എന്റെ സബ്മിഷൻ മറ്റൊരു കാര്യത്തിനുകൂടിയാണ്. റീ ടാറിംഗ് ചെയ്യാതെ ആ പണി പൂർത്തിയാകില്ല. അതുകൊണ്ട് അതിനു എസ്റ്റിമേറ്റുണ്ടാക്കി ആ ഒരു സൗകര്യംകൂടി ചെയ്യാൻ ബഹു. മന്ത്രി കനിയണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്): സർ, കൊളമംഗലം കരേക്കാട് കാടാകുളങ്ങര റോഡിന്റെ പണി 1994 ൽ പൂർത്തിയാക്കിയതിനുശേഷം നോൺ പ്ലാൻ സ്കീമിൽ ഇതിന്റെ ഉപരിതലം പുതുക്കുന്നതിന് ഒരു ടെണ്ടർ ക്ഷണിച്ചു. പക്ഷെ പ്രതികരണം ഉണ്ടായില്ല. പിന്നെ അത് ക്വട്ടേഷനു കൊടുക്കാൻ തീരുമാനം എടുത്തപ്പോൾ, ഇപ്പോൾ 80 ശതമാനം ഉയർന്ന നിരക്കിൽ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മൊയ്തൂട്ടി എന്ന കോൺട്രാക്ടറാണ് ഇത് നടത്തേണ്ടത്. ഇനി എഗ്രിമെന്റ് വച്ച് പണി തുടങ്ങിയാൽ മതി. ടെണ്ടർ കമ്മിറ്റി അതിന് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുകയാണ്.

(16) നാളികേര കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. സി.എൻ. ജയദേവൻ : സർ, നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുന്ന എന്റെ നാട്ടിലെ നാളികേരക്കൃഷിക്കാർ കഴിഞ്ഞയാഴ്ചയിൽ ഞാൻ വീട്ടിൽ ചെന്നപ്പോൾ ഒരു പരാതി പറഞ്ഞു. അതായത്, നിയമസഭയിൽ സ്ഥിരമായി റബ്ബറിന്റെ വിഷയം ചർച്ചചെയ്യുന്നുണ്ട്. റബ്ബർ വില നിശ്ചയിക്കുന്നതിനെക്കുറിച്ചും അത് ഏറ്റെടുക്കുന്നതിനെക്കുറിച്ചുമൊക്കെയുള്ള തർക്കങ്ങൾ. ആരാണ് ഇതിൽ കൂടുതൽ സമർത്ഥരെന്ന് മിക്കവാറും ശ്രീ. മാണി സാറും ശ്രീ. പി.സി.ജോർജും എന്തൊക്കെ തർക്കമാണിവിടെ. ഇതെല്ലാം വീക്ഷിക്കുന്ന നാളികേരക്കൃഷിക്കാർ പറയുന്നത് നാളികേരകർഷകരുടെ പ്രശ്നങ്ങൾ വളരെ സജീവമായി ഉന്നയിക്കുന്നില്ല എന്നാണ്. ഇപ്പോൾ അവർ നേരിടുന്ന മുഖ്യമായ പ്രശ്നം പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിൽ വ്യാപകമായ മണ്ഡരി രോഗം ബാധിച്ചു നാളികേരത്തിന്റെ എണ്ണം കുറയുന്നു. തൂക്കം കുറയുന്നു. മാത്രമല്ല നാളികേര കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ല. അതുകൊണ്ട് നാളികേരക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ , മണ്ഡരി രോഗത്തിനുള്ള പ്രതിരോധ നടപടികൾ കുറെക്കൂടി പ്രായോഗികമായി നടപ്പിലാക്കൽ, നാളികേരത്തിന് ഒരു നിശ്ചിത വില കിട്ടുന്ന രൂപത്തിൽ നാളികേര കർഷകരെ സാമ്പത്തികമായി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടെ വീക്ഷിക്കുന്ന അങ്ങയുടെ നാട്ടുകാർക്ക് പ്രത്യേക നന്ദി.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തെങ്ങിന്റെ മണ്ഡരി എന്നു പറയുന്ന രോഗം ഏഷ്യയിൽ ആദ്യമായിട്ടാണ് പിടികൂടുന്നത്. തെക്കൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നാണ് ഇത് ഇങ്ങോട്ടു വന്നതെന്നാണ് നമ്മുടെ തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ സൈന്റിസ്റ്റുകളും കാർഷിക സർവ്വകലാശാലയിലെ ഗവേഷകരും ഒക്കെ പറയുന്നത്. അതിനു പ്രതിവിധിയും കണ്ടെത്തിയിട്ടുണ്ട്. അത് ഉപരോധിക്കാൻ വേണ്ട മരുന്ന് ഗവൺമെന്റ് സൗജന്യമായി കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒക്ടോബർ നവംബർ മാസങ്ങളിൽ മാത്രമേ ഈ മരുന്നുതളി സാധ്യമാകൂ. അപ്പോൾ ഇതിനാവശ്യമായ ചെലവിന്റെ ഒരു ഭാഗം സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിഭാഗം ത്രിതല പഞ്ചായത്തുകൾ വഹിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. കാറ്റു വീഴ്ച രോഗം, പത്തെഴുപത് വർഷങ്ങളിലേറെയായി വന്നിട്ട് . ഈ വർഷം 1,70,000 തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു തെങ്ങ് വെട്ടിമാറ്റാൻ 200 രൂപയാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. വെട്ടിമാറ്റുന്ന തെങ്ങിൻതടികൾക്ക് ന്യായമായ വില കർഷകന് കൊടുത്ത് ഗവൺമെന്റ് തന്നെ ശേഖരിക്കാൻ വേണ്ടിയുള്ള നടപടിയും നടപ്പാക്കും. ജല സേചന സൗകര്യത്തിനുവേണ്ടി ഈ വർഷം 540 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ മറ്റൊരു ഭാഗമായിട്ട് 300 പമ്പുസെറ്റുകൾ കൃഷിക്കാർക്ക് സൗജന്യമായി നൽകും. വളപ്രയോഗത്തിനും സസ്യസംരക്ഷണ പ്രവർത്തനത്തിനുമായിട്ട് 799.25 ലക്ഷം രൂപ ചെലവഴിക്കുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള നല്ല തെങ്ങിൻതൈകൾ വിതരണം ചെയ്യാൻ 64.5 ലക്ഷം രൂപ ഈ സാമ്പത്തികവർഷം ചെലവാകും. നാളികേരത്തിന്റെ വില വർദ്ധിപ്പിക്കുന്നതിനും കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മിൽക്ക്, ക്രീം, പൗഡർ എന്നിവ നിർമ്മിക്കാൻവേണ്ടി കേരഫെഡിന്റെ ഒരു പദ്ധതിയുണ്ട്. അതിനു പതിനാലര കോടി രൂപയാണ് ചെലവഴിക്കാൻ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. വെയർഹൗസിംഗ് കോർപ്പറേഷൻ നല്ലയിനം കൊപ്ര പ്രോസസ് ചെയ്യുന്നതിനു വേണ്ടി തൃശ്ശൂർ, കോഴിക്കോട്, എറണാകുളം ജില്ലകളിൽ ഓരോ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 24 മണിക്കൂർ കൊണ്ട് ഒന്നര ലക്ഷം നാളികേരം കൊപ്രയാക്കി മാറ്റാൻ കഴിയുന്ന യൂണിറ്റുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ നാളികേര സംസ്ക്കരണ യൂണിറ്റുകൾ കോഴിക്കോട് ജില്ലയിലും തൃശ്ശൂർ ജില്ലയിലും രൂപീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. കോഴിക്കോട് നാദാപുരത്ത് ഖത്തർ മലയാളികളുടെ കൂട്ടായ്മയോടുകൂടി ഒരു വ്യവസായ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ വിദേശ മലയാളികളുടെ സഹായത്തോടുകൂടി ജില്ലാ ബ്ലോക്കു ഗ്രാമപഞ്ചായത്തുകളും സംയുക്തമായി ഒരു നാളികേര സംസ്ക്കരണ വ്യവസായ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒരു പ്രമോട്ടിംഗ് കമ്മിറ്റി നിലവിൽവന്നിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ നാളികേരത്തിന്റെ മൂല്യം വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കർഷകരെ പരമാവധി സഹായിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം നാളികേരത്തിന് മാന്യമായ വില ലഭിച്ച വർഷമാണ് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇക്കൊല്ലം അതുപോലെ വില കിട്ടുന്നതിനുവേണ്ടി ഇതിന്റെ താങ്ങുവില ഡിസംബറിൽതന്നെ പ്രഖ്യാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ടു അത് സ്വീകരിക്കുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly